പ്രീ പ്രൈമറി വിദ്യാഭ്യാസം നിലനിർത്താനും അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കാനും നടപടി

28 [2245] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ എൻ. രാജൻ:
„ ബിനോയ് വിശ്വം:
„ എം. കുമാരൻ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ആരംഭിച്ച പ്രീപ്രൈമറി വിദ്യാഭ്യാസം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള വിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയിഡഡ്) ഒന്നാം ക്ലാസിലേക്ക് വിദ്യാർത്ഥികളെ ലഭിക്കണമെങ്കിൽ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം അത്യാവശ്യമാണെന്നുള്ളതുകൊണ്ട് ഇത് നിലനിർത്താനും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രീ പ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) വർഷങ്ങളായി തുച്ഛമായ വേതനത്തിൽ ജോലി ചെയ്തുവരുന്ന ഈ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇവർക്ക് ഇന്ന് നൽകിവരുന്ന തുച്ഛമായ വേതനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സഹായിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർക്കാർ നേരിട്ട് നടത്തുന്ന പ്രീ പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പ്രൈമറി അദ്ധ്യാപകരുടേതിന് തുല്യമാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന പ്രീ പ്രൈമറി ക്ലാസുകളിലെ അദ്ധ്യാപകർക്ക് വേതനം നൽകുന്നത് കുട്ടികളിൽ നിന്നും പ്രതിമാസം 15 രൂപ ക്രമത്തിൽ പി.ടി.എ. സ്വരൂപിക്കുന്ന ഫണ്ടിൽ നിന്നുമാണ്.

(ഡി ആന്റ് ഇ) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly